**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടയം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ? | (എ) | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോട്ടയം ലോക്സഭാ മണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം (PMJVK) പ്രകാരം താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.<br><br>1. 2019–20 വർഷത്തിൽ അംഗീകാരം ലഭിച്ച ഈരാറ്റുപേട്ടയിലെ അഗ്രികൾച്ചർ ഹനർ ഹബ് പദ്ധതിക്ക് ₹210 ലക്ഷം അംഗീകൃത ചെലവാണ് അനുവദിച്ചിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രമാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഗ്രൗണ്ട് ഫ്ലോർ നിർമാണവും റൂഫ് കോൺക്രീറ്റിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. 2019–20 വർഷത്തിൽ അംഗീകാരം ലഭിച്ച ഈരാറ്റുപേട്ടയിലെ വനിതാ നൈപുണ്യ വികസന കേന്ദ്രം എന്ന പദ്ധതിക്ക് ₹32 ലക്ഷം അംഗീകൃത ചെലവാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രം വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള ഈ പദ്ധതി അവസാന ഘട്ടത്തിലാണുള്ളത്.<br><br>**പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ